പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 6599

01.11.2011- ൽ മറുപടിക്ക്

## തൊണ്ടുസംഭരണ പദ്ധതി

| ചോദ്യം<br>ശ്രീ.പി. തിലോത്തമൻ | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി |
|---|---|
| (എ) തൊണ്ടുസംഭരണം ഫലപ്രദമായി നടപ്പിലാക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ; | (എ) ആവിഷ്ക്കരിച്ചിട്ടുണ്ട്. |
| (ബി) കയർ സംഘങ്ങൾക്ക് തൊണ്ടു സംഭരിക്കുവാനുള്ള ചുമതല നൽകുമോ; | (ബി) കയർ സംഘങ്ങൾക്ക് തൊണ്ടു സംഭരിക്കുവാനുള്ള ചുമതല നല്കുന്നത് ഉൾപ്പെടുത്തിക്കൊണ്ടുള്ള തൊണ്ട് സംഭരണ പദ്ധതിയുടെ ഭേദഗതി പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |
| (സി) തൊണ്ടു സംഭരണത്തിന് സബ്സിഡിയോ ഇൻസെന്റീവോ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (സി) ഇൻസെന്റീവ് അനുവദിച്ച് വരുന്നുണ്ട്. |
| (ഡി) എങ്കിൽ ഏതെല്ലാം ഘട്ടങ്ങളിലാണ് ആയത് നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ളത് എന്ന് പറയാമോ; | (ഡി) സംഭരിക്കുന്ന പച്ച തൊണ്ടിന് 10 പൈസ നിരക്കിലും ഉണക്ക തൊണ്ടിന് 7.50 പൈസ നിരക്കിലും ഇൻസെന്റീവ് അനുവദിച്ച് വരുന്നുണ്ട്. |
| (ഇ) ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ തൊണ്ടു സംഭരണത്തെ ഉൾപ്പെടുത്തുവാൻ എന്താക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? | (ഇ) ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ തൊണ്ടു സംഭരണത്തെ ഉൾപ്പെടുത്തുവാൻ കേന്ദ്ര സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ